DESPATCHED
On.20/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 1136*(2)/2019*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **21250**/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എസ്.പാർത്ഥസാരഥി,
വിളയിൽ വീട്, വെമ്പായം,
ചീരാണിക്കര പി.ഒ.,
തിരുവനന്തപുരം - 695 615. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
ഇലക്ട്രിക്കൽ സെക്ഷൻ,
കന്യാകുളങ്ങര. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.12.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.12.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 20.12. 2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.12. 2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എസ്.പാർത്ഥസാരഥി, 20.12.2019ന് സമർപ്പിച്ച പരാതി ഹർജി 24.12.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.1136(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 04.12.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വെമ്പായം പഞ്ചായത്തിലെ വേറ്റിനാട് പ്രവർത്തിക്കുന്ന ശാന്തി മന്ദിരത്തിലെ വൈദ്യുതി സംബന്ധിച്ച്:

1) ടി ശാന്തിമന്ദിരത്തിലെ വൈദ്യുതി കണ്ക്ഷൻ ആരുടെ പേരിലാണെന്നും അതിന്റെ കൺസ്യൂമർ നമ്പർ ഏതാണെന്നും

2) ടി ശാന്തി മന്ദിരത്തിന് വൈദ്യുതി ഇളവുകളും ആനുകൂല്യവും ഉണ്ടോയെന്നും ഉണ്ടെങ്കിൽ എപ്രകാരമാണെന്നും ഏതെല്ലാമെന്നും

3) ടി സ്ഥാപനം ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

4) ടി സ്ഥാപനം സ്ഥിതി ചെയ്യുന്നത് സ്വകാര്യ ഭൂമിയിലാണോയെന്നും

5) ടി ശാന്തി മന്ദിരത്തിലെ വൈദ്യുതി ലോഡെത്രയെന്നും

6) ടി സ്ഥാപനത്തിൽ 3-Phase ലൈൻ കണക്ഷൻ ആണോയെന്നും

7) ടി സ്ഥാപനത്തിൽ വൈദ്യുതി കണക്ഷനു വേണ്ടി കെ.എസ്.ഇ.ബി.യിൽ സമർപ്പിച്ചിട്ടുള്ളതും ആവശ്യമായ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നും

8) വൈദ്യുതി ഉപഭോക്താവ് യഥാസമയം വൈദ്യുതി ചാർജ്ജ് ഒടുക്കാതിരിക്കുന്ന അവസ്ഥയിൽ വൈദ്യുതി വിച്ഛേദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്നും ഇതിന്റെ ചുമതലക്കാർ ആരാണെന്നുമാണ്.

ആയതിന് 16.12.2019ന് മറുപടി നൽകിയതായി കാണുന്നു.

4. എതിർകക്ഷി 31.01.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കമ്മീഷനിൽ നിന്നും ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ആയതിൽ ക്രമനമ്പർ 3ന് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകുന്നത് ബന്ധപ്പെട്ട ലോക്കൽ ബോഡിയാണെന്നും പരിശോധനയിൽ ബന്ധപ്പെട്ട രേഖകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ്. ടി ഓഫീസിലെ അന്വേഷണത്തിന്റെ ഭാഗമായി കൃപാകേന്ദ്രം (രാജപ്പൻ, സെക്രട്ടറി) ആയിരുന്നത് അദ്ദേഹത്തിന്റെ മരണശേഷം അധികാരികൾ സന്തോഷ് കുമാർ എസ്. (Lifelong President) ആയി ചുമതലപ്പെടുത്തിയതായി അറിയാൻ കഴിഞ്ഞുവെന്നും എന്നാൽ പുതിയ ഓണർഷിപ്പിനുള്ള നടപടികൾക്കായി ടി ഓഫീസുമായി ബന്ധപ്പെട്ടതായി കാണുന്നില്ലെന്നുമാണ്.

ക്രമനമ്പർ 8ന് വൈദ്യുതി ഉപഭോക്താവ് യഥാസമയം വൈദ്യുതി ചാർജ്ജ് ഒടുക്കാതിരിക്കുന്ന അവസ്ഥയിൽ Supply code 2014 Regulation 138 1(a), 139 (2) പ്രകാരം വൈദ്യുതി വിച്ഛേദിക്കാവുന്നതാണെന്നും കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ വിതരണ മേഖലയുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റവന്യൂ വിഭാഗമാണ് ഇതിന്റെ ചുമതല വഹിക്കുന്നതെന്നുമാണ്.

5. 19.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടി അപൂർണ്ണവും നിയമാനുസൃതവുമായിരുന്നില്ലെന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപ്പീൽ സംബന്ധിച്ച വിവരം നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ മേലിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാൻ പാടില്ല. എന്ന് കമ്മീഷൻ എതിർകക്ഷിയെ ശക്തമായി താക്കീതു ചെയ്യുന്നു.

എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു അയച്ചുകൊടുക്കണമെന്ന നിർദ്ദേശത്തോടെ ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)